March 2019 Reg. No. ......................................

Name ..........................................

**FY 08**

**Part - II**

**മലയാളം (Malayalam)**

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

**വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.**

**(5 × 2 = 10)**

1. 'സുഖം ഒരു മാരകലഹരിയാണെന്ന് മിസിസ് നായർക്കു തോന്നി.'

(ലാത്തിയും വെടിയുണ്ടയും)

–ഇവിടെ സുഖം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഏതെല്ലാം കാര്യങ്ങളെയാണ്?

- എന്റെ വീട്, എന്റെ കുടുംബം എന്ന ചിന്തയുമായി ഒതുങ്ങിക്കഴിയൽ.
- പ്രക്ഷോഭങ്ങൾക്കുശേഷം കൈവരുന്ന സ്വാതന്ത്ര്യം.
- ഉയർന്ന സൗകര്യങ്ങളുള്ള, അലോസരങ്ങളില്ലാത്ത ജീവിതം.
- വേദനിക്കുന്ന മനുഷ്യർക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് അവരെ ശുശ്രൂഷിക്കൽ.

2. ജോനാഥന്റെ സ്വപ്നത്തോട് ചേരാതെ നിൽക്കുന്ന സങ്കല്പങ്ങൾ ഏവ?

- തന്റെ ജനം ഇരുമ്പിനെ കീറിമുറിച്ച് പറക്കുന്നത്.
- ഇരതേടിപ്പിടിച്ച് കാക്കകൾ മാന്യമായി കഴിഞ്ഞുകൂടുന്നത്.
- ആവുന്നിടത്തോളം കാലം ജീവനോടെ ഇരിക്കുക എന്നത്.
- കൂടുതൽ ഉയർന്ന് പറന്ന് കൂടുതൽ ദൂരം കാണുക എന്നത്.

3. 'ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും
നിങ്ങളേയെന്നും മറക്കയില്ലേ'–

(പീലിക്കണ്ണുകൾ)

– ഈ വരികൾ നമുക്കു നൽകുന്ന ജീവിത പാഠം എന്താണ്? ഒരു വാക്യത്തിൽ ഉത്തരമെഴുതുക.

4. 'അവൻ ഒരു കഥയിലും പിടികൊടുത്തില്ല'–
'മത്സ്യ'ത്തിലെ ഈ വരിക്ക് യോജിക്കുന്ന ആശയസൂചനകൾ തെരഞ്ഞെടുക്കുക.

- അവനെ ആർക്കും അപകടപ്പെടുത്താൻ കഴിഞ്ഞില്ല.
- മറ്റുള്ളവർക്ക് കുറ്റം പറയാനുള്ള അവസരം ഉണ്ടാക്കിയില്ല.
- നാട്ടുമൊഴികളിലൂടെ അവൻ പ്രശസ്തനായില്ല.
- മറ്റുള്ളവർക്കു മുന്നിൽ അവൻ കാഴ്ചവസ്തുവായില്ല.

5. 'എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല.'
അനർഘനിമിഷത്തിലെ ഈ വാക്യത്തിൽ ബഷീർ തന്റെ രചനാരഹസ്യം ഒളിപ്പിച്ചു വച്ചിട്ടുണ്ടോ? എന്താണത്? ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക.

**6.** '– അറിഞ്ഞാലും, തിരക്കേറിയ ഈ ജീവിതത്തിൽ വേരുകൾക്ക് എന്തു പ്രസക്തിയാണ്?'–

ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ആശയങ്ങൾ എടുത്തെഴുതുക.

- ജീവജാലങ്ങളുടെ നിലനില്പ് അവയെ ഭൂമിയുമായി ബന്ധിപ്പിക്കുന്ന വേരുകളിലാണെന്ന് മറക്കരുത്.
- മരങ്ങളെക്കുറിച്ചും വേരുകളെക്കുറിച്ചും ചിന്തിച്ചുകൊണ്ടിരുന്നാൽ വികസനം സാധ്യമാവില്ല.
- വേരുകൾ നഷ്ടപ്പെടുന്നവർക്ക് ജൻമദേശം വിട്ട് അലയേണ്ടതായി വരുന്നു.
- ജീവിതത്തിരക്കിനിടയിൽ വൃക്ഷങ്ങളുടെ വേരുകളെപ്പറ്റി ആലോചിച്ച് സമയം പാഴാക്കരുത്.

**7 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(8 × 4 = 32)**

**7.** താഴെ തന്നിരിക്കുന്ന പ്രസ്താവനകളെ യോജിച്ചവിധം പട്ടികപ്പെടുത്തുക.

- പരിസ്ഥിതിക്കുണ്ടാവുന്ന തകർച്ചയ്ക്ക് മൂകസാക്ഷിയാവുന്നു.
- മനുഷ്യനും മറ്റു ജീവജാലങ്ങളും പരസ്പരം ആശ്രയിച്ചു കഴിയുന്ന ജീവിതം ചിത്രീകരിക്കുന്നു.
- പരിസ്ഥിതി പ്രശ്നങ്ങൾക്കു മുന്നിൽ നിസ്സഹായരാകുന്ന മനുഷ്യരെ അവതരിപ്പിക്കുന്നു.
- ഇഴയുകയും നടക്കുകയും നീന്തുകയും പറക്കുകയും ചെയ്യുന്ന ജീവവൈവിധ്യങ്ങളെ ഒന്നിച്ചു കൊണ്ടു വരുന്നു.

| കൈപ്പാട് | കേൾക്കുന്നുണ്ടോ? |
|---|---|
| ● ................ | ● ................ |
| ● ................ | ● ................ |

**8.** 'അമ്മ പറേണതുപോലെ, പെണ്ണായാൽ

ചോറും കറിം വയ്ക്കണം, പെറണം ....

(ഓർമ്മയുടെ ഞരമ്പ്)

ചേറിൽ നിന്നു ബളർന്നു പൊന്തിയ

ഹൂറി നിന്നുടെ കൈയിനാൽ, നെയ്–

ച്ചോറു വെച്ചതു തിന്നുവാൻ കൊതി–

യേറെയുണ്ടെൻ നെഞ്ചിലായ്

(കായലരികത്ത്....)

രണ്ട് പാഠസന്ദർഭങ്ങളിലും തെളിയുന്നത് സ്ത്രീകളെപ്പറ്റിയുള്ള പരമ്പരാഗത സങ്കല്പമാണോ? വ്യക്തമാക്കുക.

**9.** 'നിലനിൽക്കുന്ന മൂല്യ ധാരണകളെ ചോദ്യം ചെയ്യാനും സിനിമ സന്നദ്ധമാവാറുണ്ട്'– (സിനിമയും സമൂഹവും)

ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന ഉദാഹരണങ്ങൾ നമ്മുടെ ചലച്ചിത്രങ്ങളിൽ ലഭ്യമാണോ? ചർച്ചചെയ്യുക.

**10.** മുതിർന്ന ഒരാളുടെ ഉള്ളിലുള്ള കുട്ടിയെയാണ് ശ്രീകൃഷ്ണന്റെ വാക്കുകൾ വെളിപ്പെടുത്തുന്നത് – 'പീലിക്കണ്ണുകൾ' എന്ന പാഠത്തെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

**11.** ഇരുളിലപ്പോൾ ഉദിക്കുന്നു നിൻ മുഖം

കരുണമാം ജനനാന്തര സാന്ത്വനം –

തനിക്കാകെയുള്ള സമാശ്വാസം പ്രണയിനിയുടെ മുഖമാണെന്നാണല്ലോ 'സന്ദർശന'ത്തിലെ നായകൻ പറയുന്നത്. എന്നിട്ടും അവളെ പിരിയാൻ അയാൾ തീരുമാനിക്കുന്നത് എന്തുകൊണ്ടാവും? നിഗമനങ്ങൾ കുറിക്കുക.

**12.** 'കേൾക്കുന്നുണ്ടോ?' എന്ന ഹ്രസ്വചിത്രത്തിൽ കാഴ്ചയില്ലാത്തവരെ അവഗണിക്കുന്ന ഒരു സമൂഹത്തെയാണോ കാണാൻ സാധിക്കുന്നത്? രണ്ടു ദൃശ്യങ്ങൾ ചൂണ്ടിക്കാട്ടി വിവരിക്കുക.

**13.** ചെറുപ്പത്തിൽ മകനു പകർന്നുനൽകാൻ കഴിയാത്ത വാത്സല്യത്തെപ്പറ്റിയുള്ള കുറ്റബോധമാണ് ശസ്ത്രക്രിയയ്ക്കു വിധേയമാകുന്നതിനു മുൻപുള്ള ദിവസങ്ങളിലെ അമ്മയുടെ സ്വഭാവമാറ്റത്തിനു കാരണം.

–ഈ നിരീക്ഷണത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വന്തം അഭിപ്രായം വ്യക്തമാക്കുക.

**14.** 'ഇതൊക്കെയാണെങ്കിലും പലതരം ഗന്ധങ്ങൾ നിറഞ്ഞ ഈ മുറി അവൾക്ക് ഇഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ഈ വീട്ടിലെ ഏറ്റവും വായുസഞ്ചാരമുള്ള മുറി ഇതാണെന്ന് പെൺകുട്ടി വിചാരിച്ചു.' (ഓർമ്മയുടെ ഞരമ്പ്)

വൃദ്ധയുടെ വ്യക്തിത്വം പെൺകുട്ടി തിരിച്ചറിഞ്ഞതിനെക്കുറിച്ച് സൂചിപ്പിക്കുന്നവയല്ലേ ഈ വാക്യങ്ങൾ? കഥാസന്ദർഭത്തെ മുൻനിർത്തി വിശദീകരിക്കുക.

**15.** 'ഉലയിൽ കിടന്ന് തീ ചെമന്നു
ഉലയിൽ കിടന്ന് ഇരുമ്പ് ചെമന്നു
ഉലയിൽ കിടന്ന് തീ പോലെ പകലും ചെമന്നു.'

(ചരിത്രം – ഡി വിനയചന്ദ്രൻ)

ക്ലാസിൽ നടന്ന ഒരു ചർച്ചയിൽ, അധ്വാനവും സാഹിത്യവും തമ്മിലുള്ള ബന്ധമാണ് കവി ഈ വരികളിൽ സൂചിപ്പിക്കുന്നത് എന്ന് ഒരു കുട്ടി അഭിപ്രായപ്പെട്ടു. നിങ്ങളുടെ പ്രതികരണം കുറിക്കുക.

**16 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം. (ഉത്തരം ഒരു പുറത്തിൽ കവിയാതെ)** **(5 × 6 = 30)**

**16.** 'കനിയില്ലാകാലം കനിയെ കൊടുത്തോവർ
കരിഞ്ഞ മരത്തിൻമേൽ കായായ് നിറച്ചോവർ'

(മുഹ്‌യിദ്ദീൻമാല)

'അരുളുള്ളവനാണു ജീവി'യെ-
ന്നുരുവിട്ടീടുകയീ നവാക്ഷരി.'

(അനുകമ്പ)

കാരുണ്യമാണ് ജീവന്റെ ആധാരം എന്ന വസ്തുത മനസ്സിലാക്കിയവരാണ് ലോകാചാര്യൻമാർ, പാഠഭാഗങ്ങളെ മുൻനിർത്തി വിവരിക്കുക.

**17.** ''പച്ചയും ചുവപ്പുമാം കണ്ണുമായ്, പോരിൻ വേട്ട–
പ്പക്ഷിപോലതാ പാറിപ്പോകുമാ വിമാനവും
ഒരു ദുഃസ്വപ്നം പോലെ പാഞ്ഞു മാഞ്ഞു പോ,മെന്നാൽ
തിരുവാതിരത്താരത്തീക്കട്ടയെന്നും മിന്നും' –

(ഊഞ്ഞാലിൽ)

ജീവിതത്തിന്റെ വിരുദ്ധ ഭാവങ്ങളെ കൂട്ടിയിണക്കാനുള്ള കവിയുടെ ആഗ്രഹമല്ലേ ഈ വരികളിൽ തെളിയുന്നത്?

പാരമ്പര്യം – ആധുനികത

യുദ്ധകാലം – കുടുംബ ജീവിതത്തിലെ സ്വസ്ഥത

സ്വപ്നം – യാഥാർത്ഥ്യം

–എന്നീ സൂചനകളുമായി ചേർത്ത് മേൽതന്നിരിക്കുന്ന വരികൾക്ക് ഒരു വ്യാഖ്യാനക്കുറിപ്പ് തയ്യാറാക്കുക.

**18.** സാമൂഹികസാഹചര്യങ്ങളാണ് മനുഷ്യരെ കുറ്റവാളികളാക്കുന്നത് എന്ന ആശയം വിറ്റോറിയോ ഡിസീക്ക 'സൈക്കിൾ മോഷ്ടാക്കളി'ൽ പങ്കുവയ്ക്കുന്നുണ്ടോ? ചലച്ചിത്രത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി സ്വന്തം അഭിപ്രായം വ്യക്തമാക്കുക.

**19.** 'ഞരമ്പ്, എലിമ്പ് എന്നിവ ചേർത്തുവച്ചു
ചുളിഞ്ഞ തോൽകൊണ്ടഥ മൂടിയിട്ടാൽ
ആളെന്ന പേരായതിനൊക്കുമെങ്കിൽ
ഒരാളുതാൻ, ആ ഗളിതാംഗചേഷ്ടൻ'

(മാപ്പ്, വള്ളത്തോൾ)

(എലിമ്പ് – എല്ല്, ഗളിതാംഗചേഷ്ടൻ – ശരീരചലനമില്ലാത്തവൻ)

ഒരു കറ്റിച്ചൂല്, ഒരു നാറത്തേപ്പ്
ഞണുങ്ങിയ വക്കാർന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണവൾ

(സംക്രമണം, ആറ്റൂർ)

–ദയനീയമായ മനുഷ്യാവസ്ഥയെയാണ് രണ്ട് കവിതാഭാഗങ്ങളിലും ആവിഷ്കരിച്ചിരിക്കുന്നത്. അവ തമ്മിലുള്ള സാമ്യ-വ്യത്യാസങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

**20.** ജനപ്രിയ സിനിമകളിലെ ഗാനചിത്രീകരണങ്ങളുടെ പൊതുസ്വഭാവമല്ല 'കായലരികത്ത്' എന്ന ഗാനത്തിനുള്ളത് എന്നൊരഭിപ്രായമുണ്ട്. അതിനെ യാഥാർഥ്യവുമായി അടുപ്പിച്ചു നിർത്തുന്ന ഘടകങ്ങളെപ്പറ്റി ചർച്ചചെയ്യുക.

**21.** അതിജീവനത്തിനായി എത്ര പിടിച്ചുനിന്നാലും ഒരു ദിവസം നശിക്കുകതന്നെ ചെയ്യും എന്ന മുന്നറിയിപ്പാണോ 'മത്സ്യം'എന്ന കവിത മുന്നോട്ടുവയ്ക്കുന്നത്? പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് ലഘൂപന്യാസം തയ്യാറാക്കുക.

**22 ഉം 23 ഉം ചോദ്യങ്ങളിൽ ഏതെങ്കലും ഒന്നിന് ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(8 സ്കോർ വീതം)** **(1 × 8 = 8)**

**22.** എങ്ങനെയുള്ള ഒരു സമൂഹമാണ് 'വാസനാവികൃതി' എന്ന കഥയിൽ പശ്ചാത്തലമായി നിലകൊള്ളുന്നത്? താഴെ തന്നിരിക്കുന്ന സൂചനകൾ വികസിപ്പിച്ച് കഥയുടെ സാമൂഹിക തലം വിശകലനം ചെയ്യുക.

– വിദ്യാഭ്യാസം

– നിയമ പരിപാലനം

– മനുഷ്യബന്ധങ്ങളിലെ വിള്ളൽ

– സ്വത്തിനോടും പണത്തോടുമുള്ള ആർത്തി

– നൻമ തിൻമകളെപ്പറ്റിയുള്ള സങ്കല്പങ്ങൾ

**23.** 'പറയാനുള്ളത് നേരെ പറഞ്ഞാൽ കവിതയാവില്ല'

'ആധുനികകാലത്ത് കവിത സങ്കീർണ്ണമായി തീർന്നിരിക്കുന്നു'

– 'കാവ്യകലയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങൾ' എന്ന ലേഖനത്തിലെ ആശയങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. സന്ദർശനം, സംക്രമണം എന്നീ കവിതകളെ വിലയിരുത്താൻ സഹായകമാണോ ഈ നിരീക്ഷണങ്ങൾ? പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.